"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - വയനാട് ജില്ലയിലെ ഉരുൾപൊട്ടലിനെത്തുടർന്ന് മാതാപിതാക്കളിൽ രണ്ടു പേരുമോ, ഒരാൾ മാത്രമോ നഷ്ടമായ കുട്ടികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/WCDD തീയതി,തിരുവനന്തപുരം, 05-10-2024

---

പരാമർശം:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 19.08.2024, 29.08.2024, 30.09.2024 തീയതിയിലെ ഡിഡബ്ലൂസിഡി/4899/2024-ഐസിപിഎസ് 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 ജൂലൈ 30 നുവയനാട് ജില്ലയിലുണ്ടായ പ്രകൃതിദുരന്തത്തെ (ഉരുൾപൊട്ടൽ) തുടർന്ന് ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട 6 കുട്ടികളെയും, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട 8 കുട്ടികളെയും കണ്ടെത്തുവാൻ സാധിച്ചുവെന്നും, ടി കുട്ടികളുടെ സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട കുട്ടിയ്ക്ക് 10,00,000/- രൂപ നിരക്കിലും (പത്ത് ലക്ഷം മാത്രം), മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട കുട്ടിയ്ക്ക് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ) നിരക്കിലും ഒറ്റത്തവണ ധനസഹായമായി അനുവദിക്കുന്നത് പരിഗണിക്കണമെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ജൂലൈ 30 നു വയനാട് ജില്ലയിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട 6 കുട്ടികൾക്ക് 10,00,000/-രൂപ വീതവും (പത്ത് ലക്ഷം രൂപ മാത്രം) മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട 8 കുട്ടികൾക്ക് 5,00,000 രൂപ വീതവും (അഞ്ച് ലക്ഷം രൂപ മാത്രം) ഒറ്റത്തവണ ധനസഹായമായി വനിത ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട 6 കുട്ടികളിൽ ഒരാളായ ശ്രീ.അഭിജിത്തിന് ഇപ്പോൾ 18 വയസ് പൂർത്തിയായിട്ട് 3 മാസങ്ങളായി എന്നിരുന്നാലും, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ.അഭിജിത്തിന് ടി ധനസഹായം

അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്എസ്എ, എ&ഇ), കേരളം

3) ധനകാര്യ വകുപ്പ്

4) പൊതുഭരണ(എസ് സി ) വകുപ്പ്. (ഇനം നം.2430 തീയതി 03.10.2024)

5) വെബ് & ന്യൂ മീഡിയ

6) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 05-10-2024 13:07:01

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പിഎസ് ന്

വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ പിഎ യ്ക്ക്